ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.07.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യക്കാരൻ ശുഭാൻശു ശുക്ലയുടെ ഭൂമിയിലേക്കുള്ള മടക്കയാത്ര ഇന്നാരംഭിക്കും. നാളെ വൈകിട്ട് മൂന്നിന് ഭൂമിയിൽ തിരിച്ചെത്തും.

   **The return journey of Indian Astronaut Group Captain Shubhanshu Shukla and three other crew members of the Axiom-4 mission will begin today.**

2. മടക്കയാത്രയ്ക്ക് മുന്നോടിയായി ശുഭാൻശുവിന് ബഹിരാകാശ നിലയത്തിൽ യാത്രയയപ്പ് നൽകി. ബഹിരാകാശത്ത് നിന്ന് നോക്കുമ്പോൾ ഇന്ത്യ പ്രതീക്ഷാനിർഭരമായ, ധീരതയും ആത്മവിശ്വാസവും അഭിമാനവും കൈമുതലായ രാജ്യമായി കാണപ്പെടുന്നതായി ശുഭാൻശു.

   **Shubhanshu Shukla, on the International Space Station in a farewell ceremony for Axiom-4 mission, said India looks full of ambition, fearless, confident and full of pride from space**

3. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിൽ.

   **President Droupadi Murmu will be on a two-day visit to Odisha beginning today.**

4. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ചൈനയിലേക്ക് ; ഷാങ്ഹായ് സഹകരണ സംഘടനയിലെ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും.

External Affairs Minister S Jaishankar will be on a two-day visit to China beginning today; He will participate in the meeting of foreign ministers of the Shanghai Cooperation Organization.

5. പാലക്കാട് വീണ്ടും നിപ്പ; പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്. ആറ് ജില്ലയിൽ ആശുപത്രികൾക്ക് ജാഗ്രതാ നിർദ്ദേശം.

Kerala on alert as second suspected Nipah case reported in Palakkad; Health Department steps up preventive measures. Hospitals in six districts on alert .

6. ഇംഗ്ലണ്ടിനെതിരായ മൂന്നാം ടെസ്റ്റിലെ അവസാന ദിനമായ ഇന്ന് ഇന്ത്യയ്ക്ക് ജയിക്കാൻ വേണ്ടത് 135 റൺസ്.

India needs 135 runs to win today, the last day of the third Test against England.

**********************************************

## SHUBHANSHU SHUKLA

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യൻക്കാരൻ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല ഇന്ന് ഭൂമിയിലേക്ക് തിരിക്കും. ശുഭാൻശു ശുക്ലയും ആക്സിയം-4 ദൗത്യത്തിലെ മറ്റ് മൂന്ന് അംഗങ്ങളുടെയും ബഹിരാകാശ നിലയത്തിൽ നിന്നുള്ള മടക്കയാത്രയ്ക്കാണ് ഇന്ന് തുടക്കമാകുക. 14 ദിവസത്തെ ദൗത്യത്തിന് ശേഷമാണ് സംഘം മടങ്ങുന്നത്. ഇന്ന് വൈകിട്ട് 4.30ന് അൺഡോക്കിങ് നടപടികൾ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് അറിയിച്ചു. നാളെ വൈകിട്ട് മൂന്നിന് ഭൂമിയിൽ എത്തും. തുടർന്ന് ഏഴു ദിവസം നാലു ബഹിരാകാശ സഞ്ചാരികളും പ്രത്യേക നിരീക്ഷണത്തിൽ കഴിയും.

**********************************************

## SHUBHANSHU SHUKLA- INTRO

മടക്കയാത്രയ്ക്ക് മുന്നോടിയായി ശുഭാൻശു ശുക്ളയ്ക്കും മറ്റ് യാത്രികർക്കും ബഹിരാകാശ നിലയത്തിൽ യാത്രയയ്പ്പ്

നൽകി. ബഹിരാകാശത്ത് നിന്ന് നോക്കുമ്പോൾ ഇന്ത്യ പ്രതീക്ഷാനിർഭരമായ,ധീരതയും ആത്മവിശ്വാസവും അഭിമാനവും കൈമുതലായ രാജ്യമായി കാണപ്പെടുന്നതായി അദ്ദേഹം പറഞ്ഞു. 1984-ൽ ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ സഞ്ചാരിയായ രാകേഷ് ശർമ്മയുടെ പ്രശസ്തമായ വാക്കുകൾ ആവർത്തിച്ചുകൊണ്ട്, ഇന്ത്യ ഇപ്പോഴും മുകളിൽ നിന്ന് 'സാരെ ജഹാം സേ അച്ഛാ' ആയി കാണപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

*******************************************************

## AXIOM-4 SHUBHANSHU - FATHER (INTRO)

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ 14 ദിവസത്തെ ദൗത്യത്തിൽ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല ഇന്ത്യയ്ക്ക് മാത്രമായി ഏഴ് പ്രത്യേക പരീക്ഷണങ്ങൾ നടത്തി. അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരനും 1984 ൽ ബഹിരാകാശത്തേക്ക് പോയ വിങ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് ശേഷം രണ്ടാമത്തെ ഇന്ത്യൻ ബഹിരാകാശയാത്രികനുമാണ് അദ്ദേഹം. അതേസമയം, അദ്ദേഹം സുരക്ഷിതമായി തിരിച്ചുവരാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നതായി ശുഭാൻഷു ശുക്ലയുടെ പിതാവ് ശംഭു ദയാൽ ലഖ്നൗവിൽ മാധ്യമങ്ങളോട് പറഞ്ഞു.

(...വോയിസ് ....)

*******************************************************

## PREZ ODISHA VISIT

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. ഭുവനേശ്വർ എയിംസിന്റെ അഞ്ചാമത് ബിരുദദാനച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ കട്ടക്കിലെ റാവൻഷാ സർവകലാശാലയുടെ 13-ാാം ബിരുദദാനച്ചടങ്ങിൽ പങ്കെടുക്കും.

************************************************

## JAISHANKAR – CHINA

രണ്ട് ദിവസത്തെ സന്ദർശനത്തിൻറെ ഭാഗമായി ചൈനയിലെത്തുന്ന വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ നാളെ ടിയാൻജിൻ നഗരത്തിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന-എസ്സിഒ-വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും. വിവിധ മേഖലകളിലെ സഹകരണത്തെക്കുറിച്ചും പ്രധാന അന്താരാഷ്ട്ര, പ്രാദേശിക വിഷയങ്ങളെക്കുറിച്ചും വിദേശകാര്യ മന്ത്രിമാർ ചർച്ച നടത്തും. ചൈന സന്ദർശന വേളയിൽ കേന്ദ്രമന്ത്രി ജയ്ശങ്കർ ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി കൂടിക്കാഴ്ച നടത്തും. കിഴക്കൻ ലഡാക്കിൽ 2020-ൽ ഉണ്ടായ സൈനിക സംഘർഷത്തിനുശേഷം ഇന്ത്യൻ വിദേശകാര്യമന്ത്രിയുടെ ആദ്യ ചൈന സന്ദർശനമാണിത്.

************************************************

## REV. NADDA–SAUDI ARABIA VISIT

മൂന്ന് ദിവസത്തെ സൗദി അറേബ്യാ സന്ദർശനം കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രി ജെ പി നഡ്ഡ പൂർത്തിയാക്കി. ഇന്ത്യയുടെ വളം വിതരണ ശൃംഖലയെ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ, ഔഷധ മേഖലകളിൽ ഇന്ത്യ-സൗദി സഹകരണം ശക്തിപ്പെടുത്താനുള്ള നിർണായക കരാറുകളിൽ അദ്ദേഹം ഒപ്പുവച്ചു. സൗദി വ്യവസായ മന്ത്രി ബന്ദർ ബിൻ ഇബ്രാഹിം അൽ ഖൊറൈഫുമായി റിയാദിൽ നടന്ന ചർച്ചയെ തുടർന്നാണ് ദീർഘകാല കരാറുകളിൽ ഒപ്പുവെച്ചത്.

************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*****************************************************************

## NIPAH – PALAKKAD (INTRO)

പാലക്കാട് ജില്ലയിൽ വീണ്ടും നിപ്പ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ചികിത്സയിൽ ഇരിക്കെ മരിച്ച മണ്ണാർക്കാട്, കുമരംപുത്തൂർ സ്വദേശിക്കാണ് പ്രാഥമിക പരിശോധനയിൽ നിപ്പ സ്ഥിരീകരിച്ചത്. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.............**

(വോയ്സ്)

*****************************************************************

## NIPAH ALERT

പാലക്കാട്ട് രണ്ടാമതും നിപാ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആറ് ജില്ലയിലെ ആശുപത്രികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയതായി മന്ത്രി വീണാ ജോർജ്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലയിലെ ആശുപത്രികൾക്കാണ് നിർദ്ദേശം. നിപാ ലക്ഷണങ്ങളോടു കൂടിയ പനി, മസ്തിഷ്ക ജ്വരം എന്നിവയുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യണം.

*****************************************************************

## NIMISHAPRIYA

യമനിൽ വധശിക്ഷ കാത്തു കഴിയുന്ന മലയാളി നിമിഷ പ്രിയയുടെ മോചനത്തിന് ഇടപെടണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കത്തയച്ചു. മറ്റന്നാളാണ് വധശിക്ഷ നടപ്പിലാക്കാൻ യമൻ തീരുമാനിച്ചിട്ടുള്ളത്.

*****************************************************************

## NT. TEST CRICKET

ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ജയിക്കാൻ ഇന്ത്യയ്ക്ക് ഇനിവേണ്ടത് 135 റൺസ്. നാല് വിക്കറ്റ് നഷ്ടത്തിൽ 58 റൺസ് എന്ന നിലയിൽ ഇന്ത്യ ലോഡ്സ് ടെസ്റ്റിലെ അവസാന ദിനമായ ഇന്ന് ബാറ്റിങ് പുനരാരംഭിക്കും. ഇംഗ്ലണ്ട് രണ്ടാം ഇന്നിങ്സിൽ ഉയർത്തിയ 193 റൺസ് എന്ന വിജയലക്ഷ്യമാണ് ഇന്ത്യക്ക് മറികടക്കേണ്ടത്.

**************************************************

## WIMBLEDON

വിമ്പിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ യാനിക് സിന്നറിന്. ഇന്നലെ നടന്ന ഫൈനൽ പോരാട്ടത്തിൽ നിലവിലെ ചാമ്പ്യൻ കാർലോസ് അൽകറാസിനെ പരാജയപ്പെടുത്തിയാണ് സിന്നർ തന്റെ കന്നി വിംബിൾഡൺ കിരീടം സ്വന്തമാക്കിയത്. മത്സരം മൂന്ന് മണിക്കൂറും നാല് മിനിറ്റും നീണ്ടു. സ്കോർ: 4-6, 6-4, 6-4, 6-4

**************************************************

## CLUB WORLD CUP (INTRO)

ലോക ക്ലബ് ഫുട്ബോൾ കിരീടം ചെൽസിക്ക്. ഇന്നലെ ന്യൂയോർക്കിൽ നടന്ന ഫൈനൽ പോരാട്ടത്തിൽ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് പി എസ് ജി യെ പരാജയപ്പെടുത്തിയാണ് ചെൽസിയുടെ കിരീട നേട്ടം.

**ആകാശവാണി പ്രതിനിധി സുരേഷ്ബാബുവിന്റെ റിപ്പോർട്ട്....**
**(... വോയിസ് ...)**

**************************************************

## WOMENS TWENTY-20

ഇംഗ്ലണ്ട് - ഇന്ത്യ വനിതാ ട്വൻറി-20 പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്ക് തോൽവി. ഇംഗ്ലണ്ട് അവസാന മത്സരത്തിൽ 5 വിക്കറ്റ് വിജയം നേടി. എന്നാൽ 5 മത്സരപരമ്പര ഇന്ത്യ നേടി.

*********************************************

## SHARK AWARENESS DAY

ഇന്ന്, ലോക സ്രാവ് ബോധവൽക്കരണ ദിനം. സ്രാവുസംരക്ഷണത്തിന് ഊർജിത ശ്രമങ്ങളാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം - CMFRI നടത്തുന്നത്. വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ ദേശീയ ശിൽപ്പശാലയും പാനൽ ചർച്ചയും ഇന്ന് CMFRI-യിൽ നടക്കും.

*********************************************************************************************************************